## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4413
### 25.10.2016 ലെ മറുപടിയ്ക്ക്

### കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ** | | ബഹു: ധനകാര്യവും കയറും വകുപ്പുമന്ത്രി<br>**ഡോ: ടി. എം. തോമസ് ഐസക്** |
| എ | സംസ്ഥാന ജീവനക്കാർക്കുവേണ്ടി രൂപീകരിച്ച അപകട ഇൻഷ്വറൻസ് പദ്ധതി പ്രകാരം (ജി.പി.എ.ഐ.എസ്.) 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള കാലത്ത് എത്ര തുക പ്രീമിയമായി സമാഹരിച്ചുവെന്ന് വ്യക്തമാക്കുമോ; | സംസ്ഥാന ജീവനക്കാർക്കുവേണ്ടി രൂപീകരിച്ച അപകട ഇൻഷ്വറൻസ് പദ്ധതി പ്രകാരം (ജി.പി.എ.ഐ.എസ്.) 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള കാലത്ത് 20,73,09,140/- രൂപ പ്രീമിയമായി സമാഹരിച്ചു. |
| ബി | ഈ തുക സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് തന്നെയാണോ കൈകാര്യം ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ; | ഈ തുക സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് തന്നെയാണ് കൈകാര്യം ചെയ്യുന്നത്. |
| സി | ഈ പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് ജീവനക്കാർക്ക് ലഭിക്കുന്നത് എന്ന് വിശദീകരിക്കുമോ; | ഈ പദ്ധതി പ്രകാരം അംഗമായിട്ടുള്ള ജീവനക്കാർക്ക് അപകടമരണം, അപകടം മൂലം രണ്ട് കൈയോ കാലോ നഷ്ടപ്പെടുക അല്ലെങ്കിൽ രണ്ട് കണ്ണുകളുടെ കാഴ്ച നഷ്ടപ്പെടുക, അപകടം മൂലം ഒരു കണ്ണും, ഒരു കാലോ കൈയോ നഷ്ടപ്പെടുക, അപകടം മൂലം സ്ഥിരമായതും പൂർണ്ണമായതുമായ അംഗവൈകല്യം സംഭവിക്കുക എന്നിവയ്ക്ക് 10 ലക്ഷം രൂപയും, അപകടം മൂലം ഒരു കാല്, ഒരു കൈയ് അല്ലെങ്കിൽ ഒരു കണ്ണിന്റെ കാഴ്ച ശക്തി നഷ്ടപ്പെടുക എന്നിവയ്ക്ക് 5 ലക്ഷം രൂപയും ആനുകൂല്യം നൽകിവരുന്നു. |
| ഡി | 2015-16 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി പ്രകാരം എത്ര പേർക്ക് എത്ര രൂപ വീതം ആനുകൂല്യം ലഭിച്ചുവെന്നും, ആകെ എത്ര തുക വിതരണം ചെയ്തുവെന്നും വ്യക്തമാക്കുമോ? | 2015-16 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി പ്രകാരം 82 പേർക്ക് 10 ലക്ഷം രൂപ, 10 പേർക്ക് 8 ലക്ഷം രൂപ, 15 പേർക്ക് 5 ലക്ഷം രൂപ, 6 പേർക്ക് 4 ലക്ഷം രൂപ വീതം ആകെ 113 പേർക്ക് 9,99,00,000/- രൂപ ആനുകൂല്യമായി വിതരണം ചെയ്തു. |

സെക്ഷൻ ഓഫീസർ